നം. സി.ഇ.ഇ/2424/09/കെ.ഇ.എ.എം-2010/പി.ഡി./റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# പ്രൊഫഷണൽ കോളേജ് പ്രവേശനം : 2010
# "Persons with Disabilities" (PD) വിഭാഗം മെഡിക്കൽ പരിശോധന മെയ് 6, 7 തീയതികളിൽ

2010 ലെ എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ള "Persons with Disabilities" (**PD**) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന **മെയ് 6, 7 തീയതികളിൽ**, രാവിലെ 11 മണി മുതൽ **തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പഴയ ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. മെഡിക്കൽ പരിശോധനയ്ക്കു പുറമേ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ശാരീരികക്ഷമതയും, അനുയോജ്യതയും ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധർ പരിശോധിച്ച് നിർണ്ണയിക്കുന്നതാണ്. താത്കാലികമായി PD വിഭാഗത്തിൽ ഉൾപ്പെടുത്തിയ അപേക്ഷാർത്ഥികൾക്ക് ഈ ഓഫീസിൽ നിന്നും മെമ്മോ അയച്ചിട്ടുണ്ട്. അപേക്ഷാർത്ഥി രക്ഷകർത്താവിനോടൊപ്പം ഹാജരാകണം. മെമ്മോ ലഭിക്കാത്ത വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്, ജനനതീയതി തെളിയിക്കുന്ന എസ്.എസ്.എൽ.സി. അഥവാ തത്തുല്യ സർട്ടിഫിക്കറ്റ്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, അതിന്റെ പകർപ്പ്, അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, മറ്റു മെഡിക്കൽ രേഖകൾ മുതലായവ പരിശോധനയ്ക്കായി അന്നു ഹാജരാക്കേണ്ടതാണ്.

**മെഡിക്കൽ പരിശോധനയ്ക്കു ഹാജരാകാത്ത PD വിദ്യാർത്ഥികൾക്ക് സീറ്റ് അലോട്ട്മെന്റ് സമയത്ത് ഓപ്ഷൻ സമർപ്പിക്കുവാൻ യാതൊരു കാരണവശാലും അവസരം ലഭിക്കില്ല.**

തിരുവനന്തപുരം
29.04.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**